മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2025 ജൂൺ 6

എംജിയു യുജിപി; മേജർ സ്വിച്ചിംഗ് 10 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ 2024-25 അഡ്മിഷൻ നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലെ (എംജിയു യുജിപി) വിദ്യാർഥികൾക്ക് നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന കോളജിൽ മേജർ സ്വിച്ചിംഗിന് ഈ മാസം പത്തുവരെ അപേക്ഷ നൽകാം. ഇതിന് സ്റ്റുഡന്റ് യുസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് എംജിയു യുജിപി പോർട്ടലിൽ ലോഗിൻ ചെയ്ത് ഓപ്ഷനുകൾ നൽകാം.

ഒരു വിദ്യാർഥിക്ക് പരമാവധി ആറ് ഓപ്ഷനുകൾ വരെ തിരഞ്ഞെടുക്കാം. മാനേജ്മെന്റ്, കമ്യൂണിക്കേറ്റീവ് സ്കിൽസ് തുടങ്ങിയ മേജറുകളിലേക്കും നിശ്ചിത സമയപരിധിക്കുള്ളിൽ ഓപ്ഷൻ നൽകാവുന്നതാണ്.

റാങ്ക് ലിസ്റ്റ് ഈ മാസം 11 ന് പ്രസിദ്ധീകരിക്കും. മേജർ സ്വിച്ചിംഗ് ജൂൺ 12 മുതൽ 13 വരെ നടത്താം. മാനേജ്മെന്റ് കാറ്റഗറി റാങ്ക് ലിസ്റ്റ് ജൂൺ 16നു പ്രസിദ്ധീകരിക്കും. മാനേജ്മെന്റ് കാറ്റഗറിയിൽ സ്വിച്ചിംഗ് ജൂൺ 17ന് നടത്താം.

സ്വിച്ചിംഗിന് അപേക്ഷ നൽകുന്ന വിദ്യാർഥികളിൽനിന്ന് സ്വിച്ചിംഗ് പൂർത്തീകരിക്കുന്നതുവരെ സെമസ്റ്റർ ഫീസ് ഈടാക്കാൻ പാടില്ല. ഫീസ് ഇതിനോടകം വാങ്ങിയിട്ടുണ്ടെങ്കിൽ സ്വിച്ച് ചെയ്യുന്ന പ്രോഗ്രാമിന്റെ ഫീസിലേക്ക് ക്രമീകരിക്കണം. ഈ തുക വാങ്ങിയ തുകയിലും കുറവാണെങ്കിൽ ബാക്കി റീഫണ്ട് ചെയ്യണം.

(പി.ആർ.ഒ/39/1664/2025)

പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എഫ്.ടി, ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സിബിസിഎസ് പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ

ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 12ന് ആരംഭിക്കും. ടൈം ടേബിൾ വെബ് സൈനിൽ

.....

നാലാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് മോഡൽ-3സിബിസിഎസ്(പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 22 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ പത്തിന് ആരംഭിക്കും.

.....

നാലാം സെമസ്റ്റർ ബിഎ മലയാളം മോഡൽ 2 സിബിസിഎസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 11 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈനിൽ.

.....

നാലാം സെമസ്റ്റർ എംസ്സി ഫുഡ് ടെക്നോളജി(സിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒൻപതു മൂതൽ കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ് സൈനിൽ.

(പി.ആർ.ഒ/39/1665/2025)

പരീക്ഷ മാറ്റി

ജൂൺ ഒൻപതിന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ -ലേണിംഗ് ഡിസെബിലിനി/ ഇന്റലക്ച്വൽ ഡിസെബിലിനി(2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷ ജൂൺ പത്തിലേക്ക് മാനി.

(പി.ആർ.ഒ/39/1666/2025)

പരീക്ഷയ്ക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബിആർക്ക്(2023അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ ഏഴു മുതൽ നടക്കും. ജൂൺ 16വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ജൂൺ 17നും സൂപ്പർ ഫൈനോടുകൂടി ജൂൺ 18നും അപേക്ഷ സ്വീകരിക്കും.

.....

ആറാം സെമസ്റ്റർ ബിആർക്ക് (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ പത്തു മുതൽ നടക്കും. ജൂൺ 19വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ജൂൺ 20നും സൂപ്പർ ഫൈനോടുകൂടി ജൂൺ 21നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1667/2025)

വൈവ വോസി

നാലാം സെമസ്നർ എംഎസ്ഡബ്ല്യു(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈനിൽ.

(പി.ആർ.ഒ/39/1668/2025)

പബ്ലിക് റിലേഷൻസ് ഓഫീസർ